# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.244** **02.04.2013 ൽ മറുപടിക്ക്**

**അക്ഷരലക്ഷം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അക്ഷരലക്ഷം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) 1998 ൽ കേന്ദ്ര സർക്കാർ സഹായത്തോടെ കേരളത്തിലാരംഭിച്ച തുടർ വിദ്യാഭ്യാസ പദ്ധതിയിൽ നവസാക്ഷരരർക്ക് തുടർ പഠനം നടത്തുന്നതോടൊപ്പം തന്നെ അവശേഷിക്കുന്ന നിരക്ഷരരെക്കൂടി ഘട്ടം ഘട്ടമായി സാക്ഷരരാക്കുന്നതിനുള്ള പരിപാടിയും ഉൾപ്പെടുത്തിയിരുന്നു. അതനുസരിച്ച് കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ആവിഷ്കരിച്ച സാക്ഷരതാ പരിപാടിയാണ് അക്ഷരലക്ഷം പദ്ധതി. അതിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ ഒരു ലക്ഷം പേരെ സാക്ഷരരാക്കുക എന്നതായിരുന്നു ലക്ഷ്യം. 2012 നവംബർ മാസത്തിൽ നടന്ന ഒന്നാം ഘട്ടം അക്ഷരലക്ഷം പരീക്ഷയിൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 21132 പേർ പരീക്ഷയെഴുതുകയുണ്ടായി. അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുകയും അവർക്ക് തുടർപഠനത്തിനുള്ള അവസരം സൃഷ്ടിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (ബി) ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന വികസന - തുടർ വിദ്യാകേന്ദ്രങ്ങൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |

(സി) സമ്പൂർണ്ണ സാക്ഷരതായജ്ഞ ത്തിൽ നിന്ന് എന്തെല്ലാം വ്യത്യസ്തതകളാണ് ഈ പദ്ധതി ക്കുള്ളത്;

(സി) കേരളത്തെ സമ്പൂർണ്ണ സാക്ഷരതയിൽ എത്തിക്കുക എന്നതായിരുന്നു സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ലക്ഷ്യം. എന്നാൽ കേരളം സമ്പൂർണ്ണ സാക്ഷരത നേടിയെങ്കിലും നിരക്ഷരത ഇപ്പോഴും ഒരു സാമൂഹിക പ്രശ്നമായി അവശേഷി ക്കുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിന്റെ ഭാഗമായി ഒരു തീവ്രയത്ന പരിപാടി സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കാൻ തീരുമാനിക്കുകയും അതിന്റെ ഒന്നാം ഘട്ടത്തിൽ ഒരു ലക്ഷം നിരക്ഷരരെ കണ്ടെത്തി സാക്ഷരരാ ക്കുകയും തുടർ പഠനത്തിനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുക എന്നതും ലക്ഷ്യമിട്ടിരുന്നു.

(ഡി) ആദിവാസി - തീരദേശ മേഖല കളിലും ചേരിപ്രദേശങ്ങളിലും ഈ പദ്ധതിക്ക് ഊന്നൽ നൽകുന്ന കാര്യം പരിഗണി ക്കുമോ?

(ഡി) കൂടുതൽ നിരക്ഷരരുള്ള ആദിവാസി തീരദേശ, ഭാഷാ ന്യൂനപക്ഷ മേഖലകൾ, നഗര ചേരികൾ എന്നിവിടങ്ങളിൽ ഈ പദ്ധതിക്ക് ഊന്നൽ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ